

# SSLC MODEL EXAM: 2025.KERALA PADAVALI.

**ANSWER KEY BY: *SURESH AREEKODE*, HST[ Malayalam]GVHSS KIZHUPARAMBA.PH:9562521509.Email:sbtckr@gmail.com**

| | | |
|---|---|---|
| 1. | അച്ഛന്റെ മരണം സൃഷ്ടിച്ച ശൂന്യത | |
| 2 | വഴിയില്ല - വഴി , ഇല്ല | |
| 3 | പണക്കാരൻ ആയതിന്റെ അഹങ്കാരം | |
| 4 | അമ്മയുടെ എഴുത്തുകൾ | |
| 5 | ഓണത്തപ്പനെ | |
| 6 | പാതിരാത്ത്ക്ക് ശേഷം അടുപ്പിൽ തീ എരിഞ്ഞപ്പോൾ ആ കുടിലിൽ വെളിച്ചം ഉണ്ടായി. | |
| 7. | • തുമ്പയുടെ ലാളിത്യം<br>• തുമ്പയുടെ അക്ഷമയോടെയുള്ള കാത്തിരിപ്പ്<br>• പ്രകൃതിയിൽ മനുഷ്യഭാവം കൽപ്പിക്കുന്നത് [തുമ്പയ്ക്ക് നൽകുന്ന മനുഷ്യഭാവം] | |
| 8 | • മാതൃഭാഷയോട് പുതുതലമുറ കാണിക്കുന്ന അവഗണന /അയിത്തം<br>• അമ്മയും മാതൃഭാഷയും പുതുതലമുറയ്ക്ക് അന്യമാകുന്നത്<br>• വിദേശത്തുനിർമിച്ച അമ്മ (ഇംഗ്ലീഷ് ഭാഷ )യോടുള്ള അമിതമായ താൽപര്യം | |
| 9 | • മുതിർന്നവർ തമ്മിലുള്ള തർക്കങ്ങളുടെ സ്വഭാവം. പരിണിത ഫലം.<br>• പകയും വിദ്വേഷവും വെറുപ്പും വളർന്ന് വലുതാവുന്നത്<br>• മക്കളെ പോലും പരസ്പരം ഇടപഴകാൻ അനുവദിക്കാത്ത രക്ഷിതാക്കൾ<br>• കുട്ടികൾക്കിടയിലെ തർക്കങ്ങൾ അതിൻറെ സ്വഭാവം ,പരിണതഫലം<br>• നിഷ്കളങ്കരായ കുട്ടികൾ തർക്കവും ദേഷ്യവും മറന്ന് പെട്ടെന്ന് സൗഹൃദത്തിൽ ആവുന്നത് | |
| 10 | • തൊഴിലാളികൾക്ക് നെല്ല് കൂലിയായി നൽകാത്ത ഔസേപ്പ് മുതലാളി<br>• പട്ടിണിയും ദാരിദ്ര്യവും ചൂഷണവും സഹിക്കുന്ന തൊഴിലാളികൾ<br>• കരിഞ്ചന്ത വിൽപ്പന ,നെല്ല് മറിച്ചുവിൽപ്പന,തൊഴിൽ ചൂഷണം<br>• നെല്ലിന് വില കൂടിയതിനാൽ തൊഴിലാളികൾക്ക് തുച്ഛമായ കൂലി /പണം നൽകുന്നു. | |
| 11 | • മതമേതായാലും കൊള്ളാം മനുഷ്യൻ നന്നായാൽ മതി- ഗുരു സന്ദേശത്തിന്റെ പ്രാധാന്യം<br>• മനുഷ്യനന്മയ്ക്കാണ് പ്രധാന്യം<br>• ഇന്ന് ജാതിയുടെ മതത്തിന്റെ പേരിൽ തർക്കങ്ങൾ വർദ്ധിക്കുന്നു. മത കലഹം,ജാതി വ്യത്യാസങ്ങൾ<br>• വിഭാഗീയതയുടെ പേരിൽ സമൂഹം ഇടുങ്ങിയ ചിന്താഗതിയിലേക്ക് മാറുന്നു<br>• സ്നേഹം, സാഹോദര്യം, സൗഹൃദം എന്നിവയ്ക്ക് ഏറെ പ്രസക്തി ഉണ്ടായിരുന്ന നല്ല കാലം അസ്തമിക്കുന്നതിന്റെ സൂചന | |
| 12 | • അമ്മയെ ഉപേക്ഷിക്കാൻ പുറപ്പെടുന്ന മകനിലേക്ക് കടന്നു വരുന്ന തീവ്രമായ ഓർമ്മകൾ<br>• ആശുപത്രിക്ക് സമീപം ഉപേക്ഷിക്കാൻ ശ്രമിക്കുന്നത്<br>• പനി പിടിച്ചത്. അമ്മ കിതച്ചുകൊണ്ട് ആശുപത്രി പടികൾ കയറിയത്<br>• ഓർമ്മയിൽ വരുന്ന ഇത്തരം ചിന്തകൾ മകനിൽ കുറ്റബോധം ഉണ്ടാക്കുന്നു | |

suresh areekode mukulam malayalam

| | | |
|---|---|---|
| | ***മധുസൂദനൻ നായരുടെ*** വരികളിൽ വളർന്നു വലുതാകുമ്പോൾ അമ്മയെ മറക്കുന്ന തലമുറയെ സൂചിപ്പിക്കുന്നു<br>• മാതാവിന്റെ കിതപ്പുകൾ ,സഹനങ്ങൾ ,ത്യാഗങ്ങൾ എല്ലാം കുഞ്ഞിനു വേണ്ടിയാകുന്നു<br>• അമ്മയുടെ കഷ്ടപ്പാടുകൾ തിരിച്ചറിയാതെ പോകുന്ന ഒരു തലമുറ വളർന്നു വരുമോ എന്നു കവി ആശങ്കപ്പെടുന്നു<br>• മാതൃഭാഷയോടൊപ്പം മാതൃത്വവും മഹത്വവും അന്യമാക്കുന്നതിന്റെ ആശങ്ക | |
| 13 | • ചാക്കുണ്ണി ത്യാഗങ്ങൾ സഹിച്ചു വാങ്ങിയ റേഡിയോ കുടുംബജീവിതത്തിന്റെയും ഭാഗമാകുന്നത്<br>• അതിലൂടെ സന്തോഷം കണ്ടെത്തിയിരുന്ന സഹൃദയനായിരുന്നു ചാക്കുണ്ണി<br>• സ്വന്തം കുഞ്ഞിനെപ്പോലെ റേഡിയോയെ പരിചരിക്കുന്നു.<br>• മനസ്സിലെ നാടകത്തിൽ നിന്ന് കഥാപാത്രങ്ങൾ പുറത്തു ചാടി ഒച്ച വെയ്ക്കുന്നത്.<br>• റേഡിയോ പണയം വയ്ക്കുമ്പോൾ അതിൻറെ ഭാവിയെക്കുറിച്ച് വ്യാകുലപ്പെടുന്നത്<br>• റേഡിയോ നഷ്ടപ്പെടുമ്പോൾ അനുഭവിക്കുന്ന ഏകാന്തത<br>• മകൻ മരിച്ചപ്പോൾ ബാലമണ്ഡലം പരിപാടിയിൽ ആശ്വാസം കൊള്ളുന്നത് | |
| 14 | • പത്രങ്ങൾ നീതിയുടെ പക്ഷത്തുനിന്ന് അകലുന്നു<br>• സത്യം ,നീതി ,ധർമ്മം എന്നിവയിൽ ഉറച്ചുനിൽക്കണം - പത്രധർമ്മം<br>• നുണ നൂറാവർത്തിച്ച് സത്യമാക്കുന്ന മാധ്യമ പ്രവണതകൾ<br>• സാമൂഹ്യനന്മ ആയിരിക്കണം പത്രങ്ങളുടെ ലക്ഷ്യം/കാഴ്ചപ്പാട്<br>• പത്രങ്ങൾ സമൂഹത്തിലെ തിരുത്തൽ ശക്തിയായി മാറണം<br>• തിന്മകൾക്കെതിരെ ഉള്ള പ്രചാരണായുധമായി മാറാൻ പത്രങ്ങൾക്ക് കഴിയണം<br>• ജനാധിപത്യത്തിന്റെ നാവായി വർത്തിക്കേണ്ട മാധ്യമങ്ങളിൽ വിശ്വാസ്യത നഷ്ടപ്പെടുത്തുന്ന രീതിയിൽ മാധ്യമപ്രവർത്തനം നടത്തുന്നു<br>• പത്രങ്ങൾ കൂലി എഴുത്തുകാരായി മാറുന്ന അവസ്ഥ | |
| 15 | • ***പ്രഭാഷണ ഘടന പാലിച്ചിട്ടുണ്ട്***<br>• ***അഭിസംബോധന***<br>• ***വിഷയ സൂചന***<br>• ***വിഷയത്തിന്റെ വളർച്ച അനുയോജ്യമായ ഉപസംഹാരംചേർത്തിട്ടുണ്ട്.***<br>• **സ്നേഹബന്ധങ്ങൾ സാമൂഹിക ജീവിതത്തിൽ :**<br>***ഓരോ വിളിയും കാത്ത്***<br>• അച്ഛനും അമ്മയും തമ്മിലുള്ള ഗാഢമായ ബന്ധം<br>• അച്ഛന്റെ ഓരോ വിളികൾക്കും കാതോർത്ത് കഴിഞ്ഞ അമ്മ<br>• അമ്മയും മകനും തമ്മിലുള്ള ഊഷ്മളമായ ബന്ധം<br>• അച്ഛൻ മരിച്ചിട്ടും അച്ഛൻറെ സാന്നിധ്യം അനുഭവിക്കുന്ന അമ്മ മനസ്സ് അമ്മ<br>• ഒറ്റയ്ക്കാണെന്ന് മകൻ ചിന്തിക്കുമ്പോഴും അമ്മയ്ക്ക് വീട്ടിൽ കഴിയാനുള്ള ആത്മബലം അച്ഛൻറെ ഓർമ്മകൾ.<br>***കോഴിയും കിഴവിയും***<br>• മത്തായിയുടെ അമ്മയുടെ മനസ്സ് -ഹൃദയ വിശാലത<br>• മാർക്കോസിന്റെ അപ്പൻറെ മനസ്സ് ഹൃദയ വിശാലത<br>• വീടുവെക്കാൻ മാർക്കോസിന്റെ അപ്പൻ സ്ഥലം നൽകി കുടുംബത്തിന് ആശ്വാസമായി | |

suresh areekode mukulam malayalam

| | | |
|---|---|---|
| | • മാർക്കോസിനെയും മത്തായിയെയും സ്വന്തം മക്കളെപ്പോലെ കണ്ട മാർക്കോസിന്റെ അപ്പൻറെ മനസ്സ്<br>• ജീവിതം പച്ച പിടിപ്പിക്കാൻ മത്തായിയുടെ അമ്മയെ സഹായിക്കുന്ന അപ്പൻ<br>• പഴയകാലത്ത് സമൂഹത്തിൽ നിലനിന്നിരുന്ന ഹൃദ്യമായ സാമൂഹ്യബന്ധങ്ങൾ മുതൽക്കൂട്ടായിരുന്നു<br>• മനസ്സിലെ നന്മ ,അയൽപക്ക സ്നേഹം ,സഹാനുഭൂതി തുടങ്ങിയ മൂല്യങ്ങൾക്ക് പ്രധാന്യം നൽകി<br>• സാമൂഹ്യ ജീവിതത്തിന്റെ അടിസ്ഥാന ഘടകങ്ങൾ അന്യമാകുന്നതും സൂചിപ്പിക്കണം | |
| 16 | **ചെമ്പുമത്തായി അഥവാ കാശു മത്തായി**<br>• പണത്തിനു മാത്രം മൂല്യം കൽപ്പിക്കുന്ന വ്യക്തി<br>• സ്നേഹബന്ധങ്ങൾക്ക് വില കൽപ്പിക്കുന്നില്ല<br>• സ്വർണം പണയത്തിന് എടുത്ത് പണം പലിശക്ക് നൽകുന്നവർ<br>• റേഡിയോ പോലും പണയ വസ്തുവായി സ്വീകരിക്കുന്നവൻ<br>• സംഗീതാദി കലകളോട് പുച്ഛ മനോഭാവം. ജീവിതത്തിൽ ഇവയ്ക്ക് സ്ഥാനമില്ലെന്ന് കരുതുന്നു<br>• പാട്ട് കേൾക്കുന്ന നേരം കൂടി പണം സമ്പാദിക്കാം എന്ന കാഴ്ചപ്പാടുള്ള വ്യക്തി<br>• സ്വർണ്ണ പണയക്കാരുടെ പാരമ്പര്യത്തിൽ അഭിമാനം കൊള്ളുന്നു.<br>• ചെമ്പു മത്തായി എന്ന പേര് പോലും അന്വർത്ഥമാണ്<br>• നിർധനനായചാക്കുണ്ണിയോട് ഒട്ടും സഹതാപം ഇല്ല<br>• സാമൂഹ്യമായി അംഗീകാരം ഇല്ലാത്ത കഥാപാത്രം | |
| 17 | ***ഉപന്യാസഘടന പാലിച്ചിട്ടുണ്ട്***<br>• ***തലക്കെട്ട്,ആമുഖം, ഉള്ളടക്കം , പരിഹാരം നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന ഉപസംഹാരം***<br>• കൊച്ചചക്കരച്ചി- പ്രകൃതിയിലും മനുഷ്യനും തമ്മിലുണ്ടായിരുന്ന ആത്മസൗഹൃദത്തിന്റെ ഹൃദ്യത അവതരിപ്പിക്കുന്നു<br>• അമ്മയും കൊച്ചചക്കരച്ചിയും തമ്മിലുള്ള ആത്മാർത്ഥമായ ബന്ധം<br>• മാങ്ങ വിൽക്കാൻ ഉള്ളതല്ല എന്ന അമ്മയുടെ കാഴ്ചപ്പാട്<br>• പ്രകൃതി ,ജീവജാലങ്ങൾ, മനുഷ്യർ -പ്രകൃതിയെ ആശ്രയിച്ച് കഴിയുന്നത്<br>• പ്രകൃതിയിൽ ,വൃക്ഷങ്ങളിൽ മനുഷ്യർക്ക് ഉണ്ടായിരുന്ന വിശ്വാസവും സംരക്ഷണവും<br>• ഇന്നത്തെ തലമുറയ്ക്ക് പ്രകൃതിയുമായി ആത്മബന്ധങ്ങൾ ഇല്ല<br>• മനുഷ്യൻ പ്രകൃതി ചൂഷണത്തിന്റെ അവതാരമായി മാറുന്നു<br>• വൃക്ഷങ്ങൾ വെട്ടിമറിക്കുന്നത് -സ്വാർത്ഥത ,പണക്കൊതി ,സ്വന്തം തണൽ മുറിച്ചു മാറ്റുന്നത്<br>• സ്വന്തം നിലനിൽപ്പിനു തന്നെ ഭീഷണിയാകുന്നത്<br>• മനുഷ്യന് ആവശ്യത്തിന് ഉള്ളത് ഉണ്ട് ,ആർത്തിക്ക് ഉള്ളതില്ല-ഗാന്ധിജി<br>• ആനുകാലിക സംഭവങ്ങൾ - പ്രകൃതിദുരന്തങ്ങൾ, വയനാട് ഉരുൾപൊട്ടൽ<br>• പ്രകൃതിയാണ് ജൈവവൈവിധ്യത്തിന്റെ നിലനിൽപ്പിന് ആധാരം<br>• പ്രകൃതിസംരക്ഷണത്തിന്റെ, പ്രകൃതി സൗഹൃദത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട അവതരണം | |

***VISIT my YOUTUBE Channel*** :***mukulam malayalam*** for more Resources & Question paper analysis

suresh areekode mukulam malayalam